**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 600** **02-02-2023 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികൾക്ക് നിയമാവബോധം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | പൊതുവിദ്യാലയങ്ങളിൽ വിദ്യാർത്ഥികൾക്ക് നിയമാവബോധവും ഭരണഘടന സാക്ഷരതയും ഉറപ്പുവരുത്തുന്നതിനായി വകുപ്പ് എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിവരുന്നു എന്ന് വിശദമാക്കാമോ; | (എ) | വിദ്യാർത്ഥികളിൽ നിയമാവബോധവും ഭരണഘടനാ സാക്ഷരതയും ഉറപ്പ വരുത്തുന്നതിനായി കേരള സംസ്ഥാന നിയമ സേവന അതോറിറ്റി (കെൽസ)ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>• കുട്ടികളിൽ നിയമാവബോധം വർദ്ധിപ്പിക്കുന്നതിനായി കഴിഞ്ഞ 12 വർഷമായി സ്കൂൾതലത്തിലും താലൂക്ക് തലത്തിലും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും കെൽസയുടെ ആഭിമുഖ്യത്തിൽ നിയമപാഠ പുസ്തകത്തെ ആസ്പദമാക്കി Higher Secondary വിദ്യാർത്ഥികൾക്കായി Quiz competition നടത്തിവരുന്നു.<br><br>• സ്കൂളുകളിൽ Legal Literacy Club കൾ രൂപീകരിക്കുന്നതിനും, കൗൺസിലിംഗ് ഉൾപ്പടെ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികൾ (കെൽസ)വഴി നടത്തി വരുന്നു.<br><br>•പുതിയ തലമുറയെ സാക്ഷരരാക്കാനും ബോധവൽക്കരിക്കാനും കോളേജ് വിദ്യാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ട് സ്ത്രീധനം, സ്ത്രീധന നിരോധന നിയമം, ഗാർഹിക പീഡന നിയമം തുടങ്ങിയവയെ കുറിച്ച് കെൽസ 2021 ജൂലൈയിൽ ഒരു മാസത്തെ ബോധവൽക്കരണ കാമ്പയിൻ നടത്തി.<br><br>• ഭരണഘടനാ സാക്ഷരത ജനകീയമാക്കുന്നതിലേക്കായി ഭരണഘടന തത്ത്വങ്ങൾ ഉൾകൊള്ളിച്ചു കൊണ്ടുള്ള നിയമ സാക്ഷരത പരിപാടികൾ സംസ്ഥാനത്തു ഉടനീളം ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളുടെ ആഭിമുഖ്യത്തിൽ നടത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | • ഇന്റർനെറ്റിൽ പതിയിരിക്കുന്ന അപകടങ്ങളെക്കുറിച്ച് സ്കൂൾ വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനായി കെൽസയുടെ നേതൃത്വത്തിൽ വനിതാ അഭിഭാഷക കൂട്ടായ്മയും എറണാകുളം ലോ കോളേജുമായി സഹകരിച്ച് എറണാകുളത്തുള്ള തിരഞ്ഞെടുത്ത സ്കൂളുകളിൽ നിയമാവബോധനവും സർവ്വേയും നടത്തിയിട്ടുണ്ട്.<br><br>• നിയമ ഗോത്രം പദ്ധതിയുടെ ഭാഗമായി വയനാട് ജില്ലയിൽ ആദിവാസി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നിയമ വിദ്യാഭ്യാസത്തിന് പ്രവേശനം ലഭിക്കുന്നതിനായി എൻടൻസ് കോച്ചിങ് ക്ലാസുകൾ നടത്തിവരുന്നുണ്ട്.<br><br>• ബുക്ക് ചലഞ്ച് പരിപാടിയുടെ ഭാഗമായി കെൽസയുടെ ആഭിമുഖ്യത്തിൽ ബാല മന്ദിരങ്ങളിൽ ലൈബ്രറികൾ സ്ഥാപിക്കുകയുണ്ടായി |
| (ബി) | ഇതിനായി വകുപ്പ് പഠന സാമഗ്രികൾ ലഭ്യമാക്കി നൽകുന്നുണ്ടോ; വിശദാംശം അറിയിക്കാമോ? | (ബി) | കേരള സംസ്ഥാന നിയമ സേവന അതോറിറ്റി (കെൽസ) പഠനസാമഗ്രികൾ ലഭ്യമാക്കി നൽകുന്നുണ്ട്. വിദ്യാർത്ഥികളിൽ നിയമാവബോധവും ഭരണഘടന സാക്ഷരതയും ഉറപ്പ് വരുത്തുന്നതിനായി വിവിധ പുസ്തകങ്ങൾ കെൽസ പ്രസിദ്ധീകരിക്കുന്നുണ്ട്.<br><br>a) നിയമപാഠം- സ്കൂൾ കുട്ടികൾക്ക്<br><br>b) നിയമപാഠം- കോളേജ് വിദ്യാർത്ഥികൾക്ക്<br><br>c) Lessons in Law for CBSE Students<br><br>• ഭരണഘടനയുടെ പ്രസക്ത ഭാഗങ്ങളും ഒരു പൗരൻ അറിഞ്ഞിരിക്കേണ്ട എല്ലാ പ്രധാനപ്പെട്ട നിയമങ്ങളും സ്കൂൾ നിയമപാഠത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>• തമിഴ് സംസാരിക്കുന്ന വിഭാഗം കുട്ടികൾക്കായി നിയമപാഠം പുസ്തകം തമിഴിൽ തയ്യാറാക്കി സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

/5592996/2023

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നിയമ (എച്ച്) വകുപ്പ്

നമ്പർ.26/എച്ച്1/2023/നിയമം

31-01-2023,തിരുവനന്തപുരം

നിയമ സെക്രട്ടറി

സെക്രട്ടറി,
കേരള നിയമസഭാ സെക്രട്ടേറിയേറ്റ്,
തിരുവനന്തപുരം.

സർ,

വിഷയം:- നിയമ (എച്ച്) വകുപ്പ്- പതിനഞ്ചാം കേരള നിയമ സഭ- എട്ടാം സമ്മേളനം- നക്ഷത്ര ചിഹ്നമിടാത്ത നിയമ സഭാ ചോദ്യത്തിന് ബഹു.നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി 2.02.2023ന് മറുപടി നൽകേണ്ടത് - സംബന്ധിച്ച്.

സൂചന:- നിയമ (പാർല) വകുപ്പിന്റെ 28.01.2023 ലെ എച്ച് PLY-1/41/2023-LAW നം. അനൗദ്യോഗിക കുറിപ്പ്

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. നിയമ സഭാ ചോദ്യം 600-ന്റെ (എ) (ബി) പിരിവിനുള്ള മറുപടി ചുവടെ ചേർക്കുന്നു.

വിദ്യാർത്ഥികളിൽ നിയമാവബോധം വർദ്ധിപ്പിക്കുന്നതിനായി വിവിധ പുസ്തകങ്ങൾ കെൽസ പ്രസിദ്ധീകരിക്കുന്നുണ്ട്.

a) നിയമപാഠം- സ്കൂൾ കുട്ടികൾക്ക്
b) നിയമപാഠം- കോളേജ് വിദ്യാർത്ഥികൾക്ക്
c) Lessons in Law for CBSE Students

• ഭരണഘടനയുടെ പ്രസക്ത ഭാഗങ്ങളും ഒരു പൗരൻ അറിഞ്ഞിരിക്കേണ്ട എല്ലാ പ്രധാനപ്പെട്ട നിയമങ്ങളും സ്കൂൾ നിയമപാഠത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
• തമിഴ് സംസാരിക്കുന്ന വിഭാഗം കുട്ടികൾക്കായി നിയമപാഠം പുസ്തകം തമിഴിൽ തയ്യാറാക്കി സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട്
• കെൽസയുടെ "ഗാഡ്ജെറ്റ് ചലഞ്ച്" പ്രോഗ്രാമിന്റെ ഭാഗമായി ജില്ലാ നിയമ സേവന അതോറിറ്റി വഴി യോഗ്യരായ വിദ്യാർത്ഥികൾക്ക് ഓൺലൈൻ ക്ലാസുകളിൽ

പങ്കെടുക്കുന്നതിന് മൊബൈൽ ഫോണുകൾ ടിവികൾ തുടങ്ങിയവ വിതരണം ചെയ്യുകയുണ്ടായി.

• നിയമ ഗോത്രം പദ്ധതിയുടെ ഭാഗമായി വയനാട് ജില്ലയിൽ ആദിവാസി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നിയമ വിദ്യാഭ്യാസത്തിന് പ്രവേശനം ലഭിക്കുന്നതിനായി എൻട്രൻസ് കോച്ചിങ് ക്ലാസുകൾ നടത്തിവരുന്നുണ്ട്.

• ബുക്ക് ചലഞ്ച് പരിപാടിയുടെ ഭാഗമായി കെൽസയുടെ ആഭിമുഖ്യത്തിൽ ബാല മന്ദിരങ്ങളിൽ ലൈബ്രറികൾ സ്ഥാപിക്കുകയുണ്ടായി.

• കുട്ടികളിൽ നിയമാവബോധം വർദ്ധിപ്പിക്കുന്നതിനായി കഴിഞ്ഞ 12 വർഷമായി സ്കൂൾ തലത്തിലും താലൂക്ക് തലത്തിലും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും കെൽസയുടെ ആഭിമുഖ്യത്തിൽ നിയമപാഠ പുസ്തകത്തെ ആസ്പദമാക്കി ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കായി ക്വിസ് മത്സരം നടത്തിവരുന്നു.

• സ്കൂളുകളിൽ ലീഗൽ ലിറ്ററസി ക്ലബ് കൾ രൂപീകരിക്കുന്നതിനും, കൗൺസിലിംഗ് ഉൾപ്പടെ വിവിധ പരിപാടികൾ അദ്ധ്യാപകരുടെ മേൽ നോട്ടത്തിൽ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികൾ വഴി നടത്തി വരുന്നു.

• പുതിയ തലമുറയെ സാക്ഷരരാക്കാനും ബോധവൽക്കരിക്കാനും കോളേജ് വിദ്യാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ട് സ്ത്രീധനം, സ്ത്രീധന നിരോധന നിയമം, ഗാർഹിക പീഡന നിയമം തുടങ്ങിയവയെ കുറിച്ച് കെൽസ 2021 ജൂലൈയിൽ ഒരു മാസത്തെ ബോധവൽക്കരണ കാമ്പയിൻ നടത്തി.

• ഭരണഘടനാ സാക്ഷരത ജനകീയമാക്കുന്നതിലേക്കായി ഭരണഘടന തത്ത്വങ്ങൾ ഉൾകൊള്ളിച്ചു കൊണ്ടുള്ള നിയമ സാക്ഷരത പരിപാടികൾ സംസ്ഥാനത്തു ഉടനീളം ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളുടെ ആഭിമുഖ്യത്തിൽ നടത്തിയിട്ടുണ്ട്.

• ഇൻറർനെറ്റിൽ പതിയിരിക്കുന്ന അപകടങ്ങളെക്കുറിച്ചു സ്കൂൾ വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനായി കെൽസയുടെ നേതൃത്വത്തിൽ വനിതാ അഭിഭാഷക കൂട്ടായ്മയും എറണാകുളം ലോ കോളേജുമായി സഹകരിച്ചു എറണാകുളത്തുള്ള തിരഞ്ഞെടുത്ത സ്കൂളുകളിൽ നിയമാവബോധനവും സർവ്വേയും നടത്തിയിട്ടുള്ളതാണ്.

വിശ്വസ്തതയോടെ,

**L R Rajeev Kumar**
അഡിഷണൽ നിയമ സെക്രട്ടറി
നിയമ സെക്രട്ടറിയ്ക്കുവേണ്ടി